

## മിയ ജോർജ്

മിനിസ്ക്രീനിൽ വിവിധ വേഷങ്ങൾ അവതരിപ്പിച്ച് അഭ്രപാളിയിലെത്തിയ **മിയ ജോർജ്** നായികയായ ആദ്യ ചിത്രം *ചേട്ടായീസ്* ആയിരുന്നു. ഇപ്പോൾ ഹിറ്റായി ഓടുന്ന, വൈശാഖ് ചിത്രം *വിശുദ്ധനിലെ* നായികയാണ്.

## ബ്രിട്ടീഷ് സിവിൽ സർവീസിൽ മലയാളിക്ക് പ്രവേശനം

ബ്രിട്ടീഷ് സിവിൽ സർവീസ് പരീക്ഷയിൽ മലയാളിക്ക് പ്രവേശനം. ലണ്ടനിലെ വെസ്റ്റ്മിനിസ്റ്റർ സർവകലാശാലയിൽ സാമ്പത്തികശാസ്ത്ര അധ്യാപകനായി സേവനം അനുഷ്ഠിച്ചിരുന്ന ഡോ. അനൂജാണ് ഈ അപൂർവ്വനേട്ടം കൈവരിച്ചത്. മാവേലിക്കര കറ്റാനം മീനത്തേതിൽ എം.ജി. മാത്യുവിന്റേയും സാറാമ്മ മാത്യുവിന്റേയും മകനാണ് ഡോ. അനുജ്. ഇപ്പോൾ ഡോ. അനുജ് ബ്രിട്ടീഷ് സർക്കാരിന്റെ നീതിന്യായ വകുപ്പിൽ സാമ്പത്തിക ഉപദേഷ്ടാവായും സേവനം അനുഷ്ഠിച്ചു വരുന്നു. സ്പെയിനിലെ നവാറ സർവകലാ ശാലയിൽ പ്രൊഫസറായും ന്യൂയോർക്കിലെ യു.എൻ. ആസ്ഥാനത്ത് അന്താരാഷ്ട്ര വാണിജ്യ വകുപ്പിലും ഇതിനുമുൻപ് സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ദോഹയിലെ എം.ഇ.എസ് ഇന്ത്യൻ സ്ക്കൂളിൽ നിന്ന് സ്ക്കൂൾ വിദ്യാഭ്യാസവും തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും ജവഹർലാൽ നെഹറു സർവകലാശാലയിൽ നിന്ന് ബിരുദാനന്തര ബിരുദം നേടിയതിനു ശേഷം ഇംഗ്ലണ്ടിലെ പ്രശസ്തമായ നോട്ടിംഗ് ഹാം സർവകലാശാലയിൽ നിന്ന് അദ്ദേഹം ഡോക്ടറേറ്റും കരസ്ഥമാക്കുകയുണ്ടായി. ഇദ്ദേഹത്തിന്റെ ഭാര്യ ഷെറിൻ പാലാ സ്വദേശിയാണ്. ലണ്ടനിലെ ഇംപീരിയൽ കോളേജ് ഗവേഷണ വകുപ്പിലെ ജീവനക്കാരിയാണ് ഷെറിൻ.

### അടങ്ങാത്ത ആവേശത്തിന്റെ അലയടികൾ നിലനിർത്തിക്കൊണ്ട്

# നാലാമത് യുക്മ നാഷണൽ കലാമേളയ്ക്ക് സമാപനം

**യുക്മ കലാമേളയിൽ മിഡ്‌ലാൻഡ് റീജിയൻ ചാമ്പ്യൻ • ബാസിൽട്ടൻ മികച്ച മലയാളി അസോസിയേഷൻ • ലിയ ടോം കലാതിലകം**

ലോകത്തെ എറ്റവും വലിയ പ്രവാസി മലയാളി സംഘടനയായ യുക്മയുടെ ആഭിമുഖ്യത്തിൽ വർഷംതോറും സംഘടിപ്പിച്ചു വരുന്ന കലാമേളയ്ക്ക് യുകെയുടെ സാംസ്കാരിക തലസ്ഥാനമായ ലിവർപൂളിൽ നിറഞ്ഞ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ തിരശ്ശീലവീണു. യുക്മയുടെ നാലാമത്തെ കലാമേളയായിരുന്നു ഈ വർഷം നടന്നത്. യുക്മ നോർത്ത് വെസ്റ്റ് റീജിയന് വേണ്ടി ലിംക ആതിഥ്യം നകിയ ഈ മഹാമേളയിൽ യുകെയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ 600-ൽ അധികം കലാകാരന്മാരും കലാകാരികളുമാണ് 4 വേദികളിലായി 41 ഇനങ്ങളിൽ മാറ്റുരച്ചത്. ലിവർപൂളിലെ ബ്രോഡ് ഗ്രീൻ ഇന്റർനാഷണൽ സ്കൂൾ അങ്കണം യുക്മ കലാമേള വേദിയായ വി. ദക്ഷിണാമൂർത്തി നഗർ ആക്കി മാറ്റുന്നതിൽ ആതിഥ്യം നല്കിയ ലിംകയും യുക്മ നോർത്ത് വെസ്റ്റ് റീജിയനും ലിമ ലിവർപൂളും കൂട്ടായ പരിശ്രമത്തിലൂടെ വിജയം വരിച്ചു. നാഷണൽ കലാമേളയിൽ യുക്മയുടെ പ്രധാന പ്രവത്തന പരിപാടികളുടെ വിശദീക രണവും ഉദ്ഘാടനവും നടന്നു.




രാവിലെ മുതൽ വി. ദക്ഷിണാമൂർത്തി നഗറിലേയ്ക്ക് ഒഴുകിയെത്തിയ ആയിരങ്ങളെ സാക്ഷികളാക്കിക്കൊണ്ട് സംശുദ്ധ മലയാളത്തിന്റെ സന്ദര്യത്തെ മുഴുവൻ ആവാഹിച്ചെടുത്ത അവതരണ ശൈലിയുമായി ലിംക ലിവർപൂളിന്റെ രേഷ്മ ജോസ്, ക്രിസ്റ്റി തോമസ് എന്നീ കൊച്ചുമിടുക്കികൾ അവതാരകരായി വേദിയിലെത്തി ഉദ്ഘാടനസമ്മേളനത്തിന് തുടക്കം കുറിച്ചു. മനദീപ്തമായ ഈശ്വരസ്മരണക്കു ശേഷം കലാദേവതക്ക് വന്ദനവുമായി മാതാപിതാഗുരുദൈവ വന്ദനവുമായി രംഗപൂജയുമായി എത്തിയത് ലിംകയുടെ സുനിത ജോർജ്ജ്, ഷെറിൻ ബിജു എന്നീ നർത്തകിമാരായിരുന്നു. യുക്മ നാലാമത് നാഷണൽ കലാമേളക്ക് തിരശ്ശീല ഉയരുന്നു എന്നറിയിച്ച് യുക്മ നാഷണൽ കലാമേളയ്ക്ക് സ്വാഗതം ആശംസിച്ചത് ജനറൽ സെക്രട്ടറി ബിൻസു ജോൺ ആയിരുന്നു.

നിറഞ്ഞ സദസ്സിന്റെ അനുഗ്രഹാശിസ്സുകളോടെ പ്രമുഖ സാഹിത്യകാരൻ കാരൂർ സോമൻ യുക്മ നാഷണൽ കലാമേളയ്ക്ക് ഭദ്രദീപം കൊളുത്തി. ഉദ്ഘാടന പ്രസംഗത്തിൽ യുക്മ എന്ന പ്രസ്ഥാനത്തിന്റെ മികവിനെ പറ്റിയും മലയാളി സമൂഹം ഒറ്റ കൂട്ടായ്മയായി വളന്ന് ഈ പ്രവാസ ജീവിതത്തിൽ തങ്ങളുടെ പാരമ്പര്യത്തെയും സംസ്കാരത്തെയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെയും പറ്റി അദ്ദേഹം ഉദ്ബോധിപ്പിച്ചു. തുടന്ന് യുകെയിലെ മലയാളി സമൂഹത്തിനു വേണ്ടി യുക്മ പ്രസിഡന്റ് വിജി കെ.പി., കാരൂർ സോമനെ പൊന്നാടയണിയിച്ച് ആദരിച്ചു.

ഉദ്ഘാടനചടങ്ങിന് അദ്ധ്യക്ഷം വഹിച്ച വിജി കെ.പി. ലോകത്തെ എറ്റവും വലിയ മലയാളി സംഘടനയായി യുക്മയെ വളത്തിയ യുകെയിലെ മലയാളി സമൂഹത്തെ അനുസ്മരിക്കുകയും കലാമേളയെ കൂടാതെയുള്ള യുക്മയുടെ വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ ആഹ്വാനം ചെയ്യുകയും ചെയ്തു.

യുകെയിലെ മികച്ച ചാരിറ്റി പ്രവർത്തകനും ലിംക പ്രസിഡന്റുമായ തമ്പി ജോസ് യുക്മ നാഷണൽ കലാമേളക്ക് എല്ലാവിധ ആശംസകളും അർപ്പിച്ചു.

(ശേഷം പേജ് 11)